# CAREER Updates

# പത്രവൃത്താന്തം

**08.07.2024 (തിങ്കൾ)**



➪ 2024 ജൂലൈയിൽ ടൺട്ടി-20 ക്രിക്കറ്റിൽ ഏറ്റവും കുറഞ്ഞ ഇന്നിങ്സുകളിൽ നിന്നും കന്നി സെഞ്ചുറി നേടിയ ഇന്ത്യൻ താരം എന്ന നേട്ടം കൈവരിച്ചത്

✔ അഭിഷേക് ശർമ്മ

- ആകെ രണ്ട് ഇന്നിങ്സുകളിൽ നിന്നുമാണ് അഭിഷേക് ശർമ്മ സെഞ്ചുറി നേടിയത്. സിംബാബ്‌വെയ്ക്കെതിരെയുള്ള ടൺട്ടി-20 പരമ്പരയിലെ രണ്ടാമത്തെ മത്സരത്തിൽ 46 പന്തുകളിൽ നിന്നുമാണ് അഭിഷേക് സെഞ്ചുറി തികച്ചത്.
- ടൺട്ടി-20 ക്രിക്കറ്റിൽ സിംബാബ്‌വെയ്ക്കെതിരെയുള്ള ഒരു ഇന്ത്യൻ താരത്തിന്റെ ആദ്യ സെഞ്ചുറി, ടൺട്ടി-20 ക്രിക്കറ്റിലെ ഒരു ഇന്ത്യൻ താരത്തിന്റെ മൂന്നാമത്തെ വേഗമേറിയ സെഞ്ചുറി എന്നീ പ്രത്യേകതകളും ഈ നേട്ടത്തിനുണ്ട്. ടൺട്ടി-20 ക്രിക്കറ്റിൽ സെഞ്ചുറി നേടുന്ന പ്രായം കുറഞ്ഞ നാലാമത്തെ ഇന്ത്യൻ താരവുമാണ് ഇരുപത്തിമൂന്നുകാരനായ അഭിഷേക് ശർമ്മ.

➪ 2024 ജൂലൈയിൽ നേപ്പാളുമായുള്ള അതിർത്തിയിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചുകൊണ്ട് മിത്ര വൻ എന്ന പേരിൽ പുതിയ കാംപെയിൻ ആരംഭിച്ച സംസ്ഥാനം

✔ ഉത്തർപ്രദേശ്

➪ അടുത്തിടെ അരുണാചൽ പ്രദേശിൽ നിന്നും കണ്ടെത്തിയ സ്റ്റോൺ ഫ്ളവർ വർഗ്ഗത്തിൽപ്പെട്ട പുതിയ സസ്യത്തിന് നൽകപ്പെട്ട പേര്

✔ ഡിഡിമോക്കാർപ്പസ് ജാനകിയ

- പ്രശസ്ത മലയാളി സസ്യശാസ്ത്രജ്ഞയായ ഇ.കെ. ജാനകി അമ്മാളിനോടുള്ള ബഹുമാനാർത്ഥമാണ് സസ്യത്തിന് പേര് നൽകപ്പെട്ടത്.

➪ അടുത്തിടെ ഗവേഷകർ 41,000 വർഷം പഴക്കമുള്ള ഒട്ടകപ്പക്ഷിയുടെ കൂട് കണ്ടെത്തിയ ഇന്ത്യൻ സംസ്ഥാനം

✔ ആന്ധ്രപ്രദേശ്

➪ അമേരിക്കൻ ബഹിരാകാശ സംഘടനയായ നാസ ഭൂമിയിൽ ഒരുക്കിയ ത്രീഡി പ്രിന്റഡ് ചൊവ്വാ ആവാസകേന്ദ്രം

✔ മാർസ് ഡ്യൂൺ ആൽഫ

- ടെക്സസിലെ ഹൂസ്റ്റണിൽ ഒരുക്കപ്പെട്ട മാർസ് ഡ്യൂൺ ആൽഫയിൽ നിന്നും 378 ദിവസത്തെ താമസത്തിനുശേഷം 2024 ജൂലൈയിൽ കെല്ലി ഹാസ്റ്റൺ, റോസ് ബ്രോക്ക്‌വെൽ, അൻകസെലേറിയു, നേഥൻ ജോൺസ് എന്നീ നാല് ഗവേഷകർ പുറത്തിറങ്ങിയിരുന്നു. 2030-ഓടെ മനുഷ്യരെ ചൊവ്വയിലെത്തിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമാണ് ഈ പരീക്ഷണം.

➪ 2024 ജൂലൈയിൽ ഇന്ത്യയുടേയും മംഗോളിയയുടേയും സംയുക്ത സൈനികാഭ്യാസമായ നൊമാഡിക് എലിഫന്റിന്റെ 16-ാം പതിപ്പിന് വേദിയായത്

✔ ഉംറോയ് (മേഘാലയ)

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999